# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3264** **07.11.2019-ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ പദ്ധതികൾ**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി അംഗീകാരം നല്കിയ പഴയങ്ങാടി ഫിഷ് മാർക്കറ്റ് നിർമ്മാണം, കണ്ണപുരം ഫിഷ് മാർക്കറ്റ് നിർമ്മാണം, മാടായി ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ പഴയങ്ങാടി, കണ്ണപുരം എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ടി പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാടായി ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും അതിൻപ്രകാരം കിഫ്ബി സമർപ്പിച്ച ഫൈനൽ അപ്രൈസലിനുള്ള മറുപടി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സമർപ്പിച്ചിട്ടുമുണ്ട്. 189.76 ലക്ഷം രൂപ അടങ്കൽ തുകയ്ക്കാണ് പുതുക്കിയ അപ്രൈസൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്. |

**സെക്ഷൻ ആഫീസർ**